"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം തേമ്പാമൂട് ജനതാ എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.ടി (ഹിന്ദി) അധ്യാപകനായിരുന്ന ശ്രീ.താജിമു എം. ന്റെ തസ്തികയില്ലാതെ പുറത്തു നിന്ന 01.07.2016 മുതൽ 24.10.2018 വരെയുള്ള കാലയാളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1890/2026/GEDN തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:-
1. 20.06.2022 തീയതിയിലെ സ.ഉ.(അച്ചടി) നം.7/2022/പൊ.വി.വ.
2. 03/06/2024 തീയതിയിലെ സ.ഉ.(അച്ചടി) നം.16/2024/പൊ.വി.വ.
3. ശ്രീ.താജിമു എം. സമർപ്പിച്ച 18.12.2024 ലെ അപേക്ഷ.
4.. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30/05/2025-ലെ ഇടി5/10096/2025/ഡിജിഇ നമ്പർ കത്ത്.
5. തേമ്പാമൂട് ജനതാ എച്ച്.എസ്.എസ്. ഹെഡ്മിസ്ട്രസിന്റെ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം തേമ്പാമൂട് ജനതാ എച്ച്.എസ്എസ്-ലെ എച്ച്.എസ്.ടി (ഹിന്ദി) അധ്യാപകനായിരുന്നന ശ്രീ.താജിമു.എം തസ്തിക നഷ്ടം സംഭവിച്ച് പുറത്തു നിന്ന 01/07/2016 മുതൽ 15/07/2018 വരെ കാലയളവ് സേവനഭംഗം ഒഴിവാക്കുന്നതിലേക്ക് നോൺ ഡ്യൂട്ടി ആയി പരിഗണിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ പൊതു വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്ത് പരാമർശം 2 പ്രകാരം ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തസ്തിക നഷ്ടപ്പെട്ട് പുറത്തു പോകേണ്ടി വരുന്ന അധ്യാപകരെ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം സംരക്ഷണ ആനുകൂല്യം നൽകി നിലനിർത്തുന്നതിനുള്ള ഒരു താത്കാലിക സംവിധാനമാണ് ക്ലസ്റ്റർ കോഓർഡിനേറ്റർ തസ്തികകൾ. എസ്.എസ്.എ യുടെ ഫണ്ടിൽനിന്നാണ് ക്ലസ്റ്റർ കോഡിനേറ്റർമാരുടെ ശമ്പളാനുകൂല്യങ്ങൾ നൽകിവരുന്നത് എന്നതിനാൽ ഇതൊരു സ്ഥിരം തസ്തികയല്ല. ഈ സാഹചര്യത്തിൽ തസ്തിക ലഭ്യമല്ലാത്ത സാഹചര്യത്തിൽ അവധി അനുവദനീയമല്ല. ശ്രീ. താജിമു എം. 16.07.2018 മുതൽ 24.10.2018 വരെ സി.ആർ.സി. കോർഡിനേറ്ററായി പ്രവർത്തിക്കുകയും 25.10.2018 ന് പ്ലാവൂർ ഗവ: എച്ച്.എച്ച്.എസ്.എസ്-ൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതിനാൽ ടിയാന്റെ 01.07.2016 മുതൽ 24.10.2018 വരെയുള്ള കാലയളവ് കൂടി ക്രമീകരിക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ തേമ്പാമൂട് ജനതാ എച്ച്.എസ്എസ്. ലെ എച്ച്.എസ്.റ്റി. (ഹിന്ദി)

ശ്രീ.താജിമ്മ എം., തസ്തികയില്ലാതെ പുറത്തു നിന്ന 01.07.2016 മുതൽ 24.10.2018 വരെയുള്ള കാലയളവ് പരാമർശം 1,2 സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന പ്രകാരം നോൺഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീ.താജിമ്മ എം., എച്ച്.എസ്.റ്റി. (റിട്ട.), ജനതാ എച്ച്.എസ്.എസ്. തേമ്പാമൂട്, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ.

പൊതു വിദ്യാഭ്യാസ (ജെ.എ) വകുപ്പ് (15.10.2025 ലെ GE-JA3/416/2025-G.EDN പ്രകാരം)

ധനകാര്യ വകുപ്പ് (07.01.2026 E-3353570/EDN-A1/263/2025-FIN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/110/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 04-03-2026 13:00:13